നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2505 07.10.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

## നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സേവനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. കെ. ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സേവനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സേവനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത മേഖലയിലെ സേവനങ്ങളിൽ കണ്ടുവരുന്ന അഴിമതി ഒഴിവാക്കുന്നതിനായി എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സമയബന്ധിതമായി ലഭ്യമാക്കുമോ ; | ബി) നഗരസഭയിലെ സേവനങ്ങളായ ജനന മരണ രജിസ്ട്രേഷൻ, വിവിധ ക്ഷേമപെൻഷനുകൾ, പ്രോപ്പർട്ടി ടാക്സ് ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയവ ഓൺലൈൻ മുഖേന ലഭ്യമാണ്. എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) കൂടുതൽ ജനസേവാ കേന്ദ്രങ്ങളും മറ്റും ആരംഭിക്കുന്നതിനും നിർദ്ധനരായവർക്ക് ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനുമായി നഗരസഭയുടെ നേതൃത്വത്തിൽ കൗണ്ടറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ